അഭിമുഖം



# ജീവിത രാഷ്ട്രീയത്തിന്റെ കവി

ശിവദാസ് പുറമേരി / ഗിരീഷ് കാക്കൂർ

**താങ്കളുടെ കവിതയിൽ കൃത്യമായ രാഷ്ട്രീയമുണ്ട്. അരാഷ്ട്രീയമായ ഈ കാലത്ത് സമകാലീനരായ കവികളോടെന്താണ് പറയാനുള്ളത്?**

കവിതയുടെ ഭാവുകത്വം രൂപപ്പെടുന്നതിൽ പല ഘടകങ്ങളുമുണ്ട്. ഒരു മനുഷ്യനെന്ന നിലയിൽ പ്രകൃതിയെക്കുറിച്ചും സമൂഹത്തെക്കുറിച്ചുമുള്ള എന്റെ ധാരണകളും സന്ദേഹങ്ങളും ചിലപ്പോൾ കവിതയിലും പ്രതിഫലിക്കാറുണ്ട്. കവിതയിലെ രാഷ്ട്രീയമെന്ന് പറയുന്നത് ആദർശങ്ങളുടെ ചട്ടക്കൂടോ മുദ്രാവാക്യങ്ങളുടെ ഒച്ചപ്പാടോ അല്ല. മറിച്ച്, വാക്കുകൾക്കിടയിൽനിന്ന് നിരന്തരം മുളച്ചുപൊങ്ങുന്ന ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശകളാണ്. നിലനിൽക്കാനും അതിജീവിക്കാനുമുള്ള പ്രകാശസംശ്ലേഷണമാണ്.

**കവികളും കവിതാസമാഹാരങ്ങളും ധാരാളം. എന്നാൽ കവിതകൾ ആഴത്തിൽ വായിക്കപ്പെടുന്നുണ്ടോ?**

നവമാധ്യമങ്ങളിലെ കവിതാകൂട്ടായ്മയും ചർച്ചകളും കാണിക്കുന്നത് കവിതാസ്വാദകരുടെ വലിയ കൂട്ടത്തെ തന്നെയാണ്. പണ്ട് നിരൂപകർ മാത്രം കവിതയെക്കുറിച്ചെഴുതുന്നത് വായിച്ചിട്ടാണ് കവിത ആഴത്തിൽ വായിക്കപ്പെടുന്നു എന്ന തോന്നലുണ്ടായത്. കവിത ആഴത്തിൽ വായിക്കപ്പെടാത്തതാണോ കാവ്യനിരൂപണത്തിന്റെ ബലക്കുറവാണോ കവിതയ്ക്കു തന്നെ ആഴം കുറവാണോ എന്നതൊക്കെ ചർച്ച ചെയ്തെങ്കിലേ ഇത് വ്യക്തമാവുകയുള്ളൂ.

**ജീവിതത്തെ കവിതയിൽ ആവിഷ്കരിക്കുമ്പോൾ നേരിടുന്ന വെല്ലുവിളികൾ എന്താണ്?**

ജീവിതം കവിത എന്നിങ്ങനെ വേറിട്ടുകാണാനാവുമെന്ന് തോന്നുന്നില്ല. കവിതയുടെ അസംസ്കൃതവസ്തുക്കളായ അനുഭവങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും ഉൾക്കാഴ്ചകളും ആശങ്കകളുമൊക്കെ എല്ലാ വ്യക്തികൾക്കുമുണ്ടാവാം. എന്നാൽ അവ കവിതയാക്കിമാറ്റാനുള്ള ആൽക്കമി കൈവശമുള്ളവരാണ് കവികൾ. സർഗാത്മകത ഒരിക്കലും എളുപ്പം സംഭവിക്കുന്ന ഒന്നാണെന്ന് പറയാനാവില്ല.

**മലയാളത്തിൽ താങ്കൾ ഏറ്റവും ഇഷ്ടത്തിൽ വായിക്കുന്ന കവികൾ ആരൊക്കെയാണ്?**

ഒരുപാടു പേരുണ്ട്. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായിട്ട്. ആശാനും ഇടശ്ശേരിയും വൈലോപ്പിള്ളിയും പി.കുഞ്ഞിരാമൻനായരുമെല്ലാം പ്രിയ കവികളാണ്. കാലത്തെ അതിജീവിക്കുന്ന ജീവിതസൗന്ദര്യങ്ങളുള്ള കൃതികൾ വീണ്ടും വീണ്ടും വായിക്കപ്പെടും.

**ഇരകളുടെ എണ്ണം കൂടുന്നു; വേട്ടക്കാരുടെയും. നമ്മുടെ**



**എഴുത്തുകാർ നല്ല ഉറക്കത്തിലാണ്. എന്താണ് പറയാനുള്ളത്?**

പാർശ്വവൽക്കരിക്കപ്പെടുന്ന മനുഷ്യരുടെ പ്രശ്നങ്ങൾ സാഹിത്യത്തിൽ ശ്രദ്ധ നേടുന്നുണ്ട്. പരിസ്ഥിതി, സ്ത്രീ, ആദിവാസി മേഖലയിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്നാൽ എഴുത്തുകാർക്കെതിരെ വിലക്കുകളും അധിക്ഷേപങ്ങളും കയ്യേറ്റങ്ങളും നടക്കുന്നുമുണ്ട്. പെരുമാൾ മുരുകനും സുഷ്മിതബാനർജിയുമെല്ലാം ഉദാഹരണങ്ങൾ. അദൃശ്യരായ പല വേട്ടക്കാരെയും പുതുകാലം തിരിച്ചറിയുന്നുണ്ട്. എന്നാൽ ഇരകൾക്കുവേണ്ടി സംഘടിക്കുന്നവർ പരസ്പരം പോരടിക്കുകയും വേട്ടക്കാരന്റെ ജോലി എളുപ്പമാക്കുകയും ചെയ്യുന്നുമുണ്ട്.

**താങ്കളിലെ ബുദ്ധിമാനായ എഴുത്തുകാരനും വൈകാരികത ഏറിയ എഴുത്തുകാരനും തമ്മിലുള്ള ഏറ്റുമുട്ടൽ അനുഭവിച്ചിട്ടുണ്ടോ?**

ബുദ്ധിയും വൈകാരികതയും സർഗസൃഷ്ടിയുടെ രണ്ടു വശങ്ങളാണ്. ഇതിലൊന്നിനെ അവഗണിച്ച് മറ്റേതിന് നിൽക്കാനാവില്ല. പ്രത്യേകിച്ചും കവിതയിൽ. കാരണം ജീവിതത്തെ ഏറ്റവും സൂക്ഷ്മമായി എഴുതുന്നതാണ് കവിത.

**വാട്ട്സ്അപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയവ വളരെ സജീവമായ ഈ കാലത്ത് പുസ്തകങ്ങൾ കുഴിച്ചുമൂടപ്പെടുമെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ?**

ഇല്ല. സോഷ്യൽ മീഡിയകളുടെ കാലത്തും പുസ്തകങ്ങൾ നിലനിൽക്കും. ഇ-വായനയുടെ സാധ്യതകൾ തള്ളിക്കളയാനാവില്ല. എന്നാൽ ധാരാളം പരിമിതികളുമുണ്ട്. യുദ്ധമോ പ്രളയമോ ഭൂമി കുലുക്കമോ വന്ന് നെറ്റ്‌വർക്കുകളെല്ലാം തകർന്നുപോയാലും ഒറ്റപ്പെടുന്ന മനുഷ്യന് വെളിച്ചം തേടാൻ ഒരു പുസ്തകം തന്നെ വേണ്ടിവരും.

**എന്തുകൊണ്ടായിരിക്കും മലയാളസാഹിത്യത്തിൽ ചരിത്രം വലിയ തോതിൽ ആവിഷ്കരിക്കപ്പെടാതെ പോവുന്നത്?**

നോവൽ, നാടകം തുടങ്ങിയ സാഹിത്യരൂപങ്ങളിലാണ് ചെറിയ തോതിലെങ്കിലും ചരിത്രം ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. എന്നാലും നേരിട്ട് ചരിത്രം പ്രത്യക്ഷപ്പെടുന്നത് വളരെ ചുരുക്കം. പ്രത്യേകിച്ചും കവിതയിൽ. രാഷ്ട്രീയം പോലെത്തന്നെ ചരിത്രവും അതിസൂക്ഷ്മഘടകങ്ങളായാണ് കവിതയിൽ വർത്തിക്കുന്നത്.

**ഒരു കവിതയിലേക്ക് താങ്കൾ എങ്ങനെയാണ് എത്തിപ്പെടാറ്?**

കവിതയിലെത്തിപ്പെടാൻ പല വഴികളുണ്ടാവും. ഏത് വഴിയാണ് എത്തിപ്പെടുന്നതെന്ന് ചിലപ്പോൾ കവിക്കുതന്നെ നിശ്ചയമുണ്ടാവില്ല.

ചിലപ്പോൾ ഒരു വാക്കുമതി
അല്ലെങ്കിൽ കാഴ്ചയുടെ ഒരു വെയിൽച്ചീള്
മനസ്സിൽ കെട്ടിക്കിടക്കുന്ന ഒരുതുള്ളി മഴ.
പൊട്ടിയൊലിക്കുന്ന മുറിവുകളിലൂടെയായിരിക്കും
ചിലപ്പോൾ യാത്ര...
ഇനിയുമുണ്ട് പറഞ്ഞുതീരാത്ത വഴികൾ കവിതയിലേക്ക്.



ശിവദാസ് പുറമേരിയുടെ കവിതാ സമാഹാരത്തിന്റെ ആദ്യകോപ്പി വി.ആർ. സുധീഷിനു നല്കി എം. മുകുന്ദൻ പ്രകാശനം ചെയ്യുന്നു. ഡോ. എം.കെ. മുനീർ, പി.ജയലക്ഷ്മി, ശിവദാസ് പുറമേരി